അദ്ധ്യാപ : വൃത്തിക്കുള്ള കുറഞ്ഞ പരീക്ഷായോഗ്യത.

* 64. [14] ശ്രീ. യു. നീലകണ്ഠൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയെ മറുപടി പറയുമോ:

(എ) എസ്സ്. എസ്സ്. എൽ. സി. പാസ്സാകാത്തവരെ മേലാൽ അദ്ധ്യാപകരായി നിയമിക്കുന്നതല്ലെന്ന സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഈ തീരുമാനം ആരെങ്കിലും പരാതിപ്പെട്ടിട്ടുണ്ടോ ;

(സി) അതിന്മേൽ എന്തു നടപടി നടത്തി ?

മുഖ്യമന്ത്രി (ശ്രീ പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഇല്ല.

(ബി-യും സി-യും) എ-യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

പുറം കടലിൽ മത്സ്യം പിടിക്കാൻപോയ വള്ളം.

* 65. [15] ശ്രീ. ഡി. വിവേകാനന്ദൻ : താഴെ കാണുന്ന ചോദ്യത്തിനു ആഭ്യന്തരവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

1956 ജനുവരി 24-ാം നു- കൊല്ലത്തിനടുത്തു പുറംകടലിൽ മത്സ്യം പിടിക്കാൻ പോയ ഒരു വള്ളം കപ്പലിടിച്ചു തകർന്നുപോയ സംഭവം ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; അപകടത്തിൽപ്പെട്ടവരെ രക്ഷപ്പെടുത്താൻവേണ്ടി എന്തെങ്കിലും ചെയ്യാൻ ഗവണ്മെൻറിനു കഴിഞ്ഞുവോ ; ഇല്ലെങ്കിൽ അതിനു കാരണമെന്തു; അപകടത്തിൽപ്പെട്ടു മരിച്ചവരുടെ കുടുംബങ്ങൾക്കു ഗവണ്മെൻറിൽനിന്നും എന്തു സഹായം എത്തിച്ചുകൊടുത്തു ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. ഏ ജെ. ജാൺ): 1956 ജനുവരി 24-ാംനു- കൊല്ലത്തിനടുത്തു് പുറങ്കടലിൽനിന്നും മത്സ്യം പിടിക്കാൻ 10 പേരടങ്ങിയ ഒരു സംഘം പോകുകയും അവർക്ക് അപകടം പറ്റിയതായി അറിവു ലഭിക്കുകയും ചെയ്തിട്ടുണ്ടു്. ഗവണ്മെൻറ്, ഇതു സംബന്ധിച്ചുള്ള വിശദവിവരങ്ങൾ ശേഖരിച്ചുവരികയാണു്.

ശ്രീ. ഡി. വിവേകാനന്ദൻ : അപകടം സംബന്ധിച്ചു് ഇതുവരെ ഗവണ്മെൻറിനു് റിപ്പോർട്ടു് കിട്ടിയിട്ടില്ലേ ?

ശ്രീ. ഏ. ജെ. ജാൺ : അപകടത്തിൽ പെട്ടവരുടെ പേരുവിവരം ഗവണ്മെൻറിനു് ലഭിച്ചിട്ടുണ്ടു്. എന്നാൽ അതിനെപ്പറ്റിയുള്ള വിശദവിവരങ്ങൾ എന്തെല്ലാമാണെന്നു് റിപ്പോർട്ടുചെയ്യുന്നതിനായിട്ടു് ഡിസ്ട്രിക്ട് കളക്ടർക്കു് നിർദ്ദേശം കൊടുത്തിരിക്കുകയാണു്. അദ്ദേഹത്തിന്റെ റിപ്പോർട്ടു് ഗവണ്മെൻറിനു് കിട്ടിയിട്ടില്ല.

ശ്രീ. ഡി. വിവേകാനന്ദൻ : ഗവണ്മെൻറിനു് കിട്ടിയിട്ടുള്ള അറിവു് എന്തെല്ലാമാണെന്നു് പറയാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. ജെ. ജാൺ : ജനുവരി 24-ാംനു മത്സ്യം പിടിക്കാൻ പോയ രണ്ടു വള്ളത്തിൽ ഒരെണ്ണം തിരിയെ വന്നിട്ടുണ്ടു്. മറ്റേതു് അപകടത്തിൽപെട്ടു് തിരിയെ വന്നിട്ടില്ല. അതു് ഒരു അമേരിക്കൻ കപ്പലുമായി കൂട്ടിമുട്ടുകയും തൻമൂലം അപകടത്തിൽപ്പെടുകയും അതിൽ മൂന്നുപേരെ നേവൽ ഹോസ്പിറ്റലിയിലേയ്ക്കു കൊണ്ടുപോകുകയുംചെയ്തു. ബാക്കി എഴുപേരുടെ കാര്യത്തെ സംബന്ധിച്ചു് വിശദമായ റിപ്പോർട്ടു് കിട്ടണമെന്നു് നിർദ്ദേശം കൊടുത്തിരിക്കുന്നു.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : അപകടം സംഭവിച്ചവരുടെ കുടുംബങ്ങൾക്കു് വല്ല ധനസഹായവും ചെയ്യാൻ ഗവണ്മെൻറു് വിചാരിക്കുന്നുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : അതിൽ രണ്ടുപേരുടെ അപേക്ഷകളും വന്നിട്ടുണ്ടു്. അപകടത്തിൽപെട്ടവർക്കു് ധനസഹായം ചെയ്യണമെന്നു് ഗവണ്മെൻറു് വിചാരിക്കുന്നുണ്ടു്.

സബ് കോടതി സ്ഥാപനാന്വേഷണം.

* 66. [16] ശ്രീ എൻ. ജി. ചാക്കോ : തെക്കൻ മേഖലാ നിയമകാര്യ മന്ത്രി സദയം മറുപടി നൽകുമോ :

(എ) ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദ്ദേശാനുസരണം സബ് കോടതി സ്ഥാപിക്കുന്നതിൻറെ സാദ്ധ്യതകളെപ്പറ്റി അന്വേഷിക്കാൻ ജസ്റ്റീസ് മി. പി. ഡി. നന്ദനമേനോൻ തിരുവല്ലാ, പത്തനംതിട്ട, ചെങ്ങന്നൂർ എന്നീ സ്ഥലങ്ങൾ സന്ദർശിച്ചിട്ടുണ്ടോ ;

(ബി) ഈ സന്ദർശനം നടത്തിയതിൻറെ ശേഷം അദ്ദേഹം എന്തെങ്കിലും റിപ്പോർട്ടു് ഹൈക്കോടതിക്കു് സമർപ്പിച്ചിട്ടുണ്ടോ ;

(സി) ആ റിപ്പോർട്ടിൻറെ ഒരു ശരിപ്പകർപ്പു് അസംബ്ലിയിലെ മേശപ്പുറത്തു് വയ്ക്കുമോ ;

(ഡി) ടി കോടതി എവിടെ സ്ഥാപിക്കുവാനാണു് ജസ്റ്റീസ് മി. പി. ഡി. നന്ദനമേനോൻ ശുപാർശ ചെയ്തതു് ;

(ഇ) ആ ശുപാർശയാണോ ഹൈക്കോടതി അംഗീകരിച്ചിരിക്കുന്നതു് ;

(എഫ്) അതനുസരിച്ചാണോ ഗവണ്മെൻറിലേയ്ക്കു് ശുപാർശ ഹൈക്കോടതി സമർപ്പിച്ചിരിക്കുന്നതു് ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ഹൈക്കോടതിയുടെ നിർദ്ദേശാനുസരണം സബ് കോടതികൾ, മുൻസിഫ് കോടതികൾ മുതലായവ സ്ഥാപിക്കുന്നതിനെ സംബന്ധിച്ചിടത്തോളം ജസ്റ്റീസ് മി. പി. ഡി നന്ദനമേനോൻ തിരുവല്ലാ, പത്തനംതിട്ട, ചെങ്ങന്നൂർ മുതലായ സ്ഥലങ്ങൾ സന്ദർശിച്ചതായി അറിയുന്നു.

(ബി) അതിനുശേഷം അദ്ദേഹം ഇവയെ സംബന്ധിച്ച ഒരു റിപ്പോർട്ടു് ഹൈക്കോടതിക്കു് സമർപ്പിച്ചിട്ടുണ്ടെന്നാണു് അറിയുന്നതു്.

(സി-യും ഡി-യും) റിപ്പോർട്ടിൻറെ പകർപ്പു് മേശപ്പുറത്തു വയ്ക്കാൻ സൗകര്യപ്പെടുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly